"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - അസറ്റ് മെയിന്റനൻസ് ഫണ്ട് 2026-27- കോട്ടയം സർക്കാർ മെഡിക്കൽ കോളേജിലെ വിവിധ പ്രവൃത്തികൾ - "Re-wiring the Electrical Installations in Microbiology and Pathology Department in C Block" എന്ന പ്രവൃത്തി പൂർത്തീകരിച്ച വകയിൽ - ബിൽ തുക റിലീസ് ചെയ്ത് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ആരോഗ്യ കുടുംബക്ഷേമ (പി) വകുപ്പ്**

സ.ഉ.(സാധാ) നം.2065/2026/H&FWD തീയതി,തിരുവനന്തപുരം, 21-06-2026

പരാമർശം:-
1. സ.ഉ.(സാധാ)നം.801/2024/ആ.കു.വ. തീയതി 15.03.2024
2. സ.ഉ.(സാധാ)നം.1188/2026/ആ.കു.വ. തീയതി 23.03.2026
3. മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ 20.05.2026 തീയതിയിലെ എ3/6602/2023/മെ.വി.വ. നമ്പർ കത്ത്

**ഉത്തരവ്**

കോട്ടയം സർക്കാർ മെഡിക്കൽ കോളേജിൽ 2023-24 സാമ്പത്തിക വർഷം അസ്സറ്റ് മെയിന്റനൻസ് ഫണ്ട് ഉപയോഗിച്ച് വിവിധ പ്രവൃത്തികൾ ചെയ്യുന്നതിന് പരാമർശം (1) പ്രകാരം ₹1,59,25,600/- രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. പ്രസ്തുത ഭരണാനുമതി ഉത്തരവിലെ "Re-wiring the Electrical Installations in Microbiology and Pathology Department in C Block (ക്രമ നം 7)" എന്ന പ്രവൃത്തി പൂർത്തീകരിച്ച വകയിൽ കരാറുകാരന് തുക വിതരണനം ചെയ്യുന്നതിനായി ₹14,15,189/-രൂപ (പതിന്നാല് ലക്ഷത്തി പതിനയ്യായിരത്തി ഒരുന്നൂറ്റി എൺപത്തി ഒൻപത് രൂപ മാത്രം) അസ്സറ്റ് മെയിന്റനൻസ് ശീർഷകമായ 2210-05-105-61 (നോൺ പ്ലാൻ)-ൽ നിന്നും റിലീസ് ചെയ്തു നൽകുന്നതിന് പരാമർശം (2) പ്രകാരം അനുമതി നൽകിയിരുന്നു. എന്നാൽ ഫണ്ട് ലഭ്യമായത് ബിംസ്-ൽ ഡെപ്പോസിറ്റ് ശീർഷകത്തിൽ അല്ലാത്തതിനാൽ ഫിനാൻഷ്യൽ ക്ലോസിംഗ് സമയത്ത് തുക ഉപയോഗിക്കാൻ സാധിച്ചിട്ടില്ലെന്ന് ആലപ്പുഴ ഇലക്ട്രിക്കൽ ഡിവിഷനിൽ നിന്നും അറിയിച്ചിട്ടുണ്ടെന്നും പ്രസ്തുത തുക വീണ്ടും ലഭ്യമാക്കണമെന്ന് 23.04.2026 തീയതിയിലെ കത്ത് പ്രകാരം കോട്ടയം വൈദ്യുത ഉപവിഭാഗം അസ്സിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ അവശ്യപ്പെട്ടിരിക്കുവെന്നും പരാമർശ കത്ത് പ്രകാരം മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ അറിയിച്ചിരുന്നു. ആയതിനാൽ, "Re-wiring the Electrical Installations in Microbiology and Pathology Department in C Block" (ക്രമ നം 7) എന്ന പ്രവൃത്തിയുടെ ബിൽ തുകയായ ₹14,15,189/- രൂപ (പതിന്നാല് ലക്ഷത്തി പതിനയ്യായിരത്തി ഒരുന്നൂറ്റി എൺപത്തി ഒൻപത് രൂപ മാത്രം) കരാറുകാരന് വിതരണം ചെയ്യുന്നതിനായി നടപ്പ് സാമ്പത്തിക വർഷം അസ്സറ്റ് മെയിന്റനൻസ് ശീർഷകമായ 2210-05-105-61 (നോൺ പ്ലാൻ)-ൽ ബഡ്ജറ്റ് വിഹിതമായ് ലഭിച്ച തുകയിൽ നിന്നും അനുവദിച്ച് ഉത്തരവാകണമെന്ന് മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ സർക്കാരിൽ

അഭ്യർത്ഥിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2023-24 സാമ്പത്തിക വർഷം അസ്സറ്റ് മെയിന്റനൻസ് ഫണ്ട് ഉപയോഗിച്ച് കോട്ടയം മെഡിക്കൽ കോളേജിൽ വിവിധ പ്രവൃത്തികൾ ചെയ്യുന്നതിനു ഭരണാനുമതി നൽകിയിട്ടുള്ള പരാമർശം (1)ലെ ഉത്തരവിൽ ഉൾപ്പെട്ട "Re-wiring the Electrical Installations in Microbiology and Pathology Department in C Block (ക്രമ നം 7)" എന്ന പ്രവൃത്തിയുടെ ബിൽ തുക കരാറുകാരന് വിതരണം ചെയ്യുന്നതിനായി **₹14,15,189/- രൂപ (പതിന്നാല് ലക്ഷത്തി പതിനയ്യായിരത്തി ഒരുന്നൂറ്റി എൺപത്തി ഒൻപത് രൂപ മാത്രം) '2210-05-105-61 (നോൺ പ്ലാൻ)'** ശീർഷകത്തിലെ 2026-27 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റ് വിഹിതത്തിൽ നിന്നും റിലീസ് ചെയ്തു ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ. രാജൻ നാംദേവ് ഖൊബ്രഗഡെ ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
ചീഫ് ഇലക്ട്രിക്കൽ എഞ്ചിനീയർ, പൊതുമരാമത്ത് വകുപ്പ്, തിരുവനന്തപുരം
എക്സിക്യൂട്ടീവ് എഞ്ചിനീയർ, പൊതുമരാമത്ത് വകുപ്പ് വൈദ്യുത ഉപവിഭാഗം, കോട്ടയം
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് / എ&ഇ), കേരളം, തിരുവനന്തപുരം
ധനകാര്യ (ഹെൽത്ത് -എ) വകുപ്പ് (നം.2693841/എച്ച്.എൽ.റ്റി.-എ2/28/2024-ധന തീയതി 16.06.2026 പ്രകാരം)
വിവരപൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ / ഓഫീസ് കോപ്പി(P3/21/2024-HEALTH-Part(1) )

ഉത്തരവിൻ പ്രകാരം

Signed by
Gayathri G
Date: 23-06-2026 11:06:49
സെക്ഷൻ ഓഫീസർ